പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2435

17-08-2017 ലെ മറുപടി

## വരൾച്ചാ ഭീഷണി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരളം വരൾച്ചാ ഭീഷണിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ നിർത്താതെ മഴ പെയ്താൽ പോലും വരൾച്ചാ സാഹചര്യങ്ങളെ ഇല്ലാതാക്കാൻ കഴിയില്ലെന്ന വിദഗ്ധരുടെ അഭിപ്രായങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ഭൂജലവകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുള്ള ജലവിതാനം എല്ലാ മാസവും ശേഖരിക്കുകയും, പഠനവിധേയമാക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രകാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് തെക്കു-പടിഞ്ഞാറൻ കാലവർഷത്തിൽ 27% കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. വരുന്ന മാസങ്ങളിൽ ലഭിക്കുന്ന മഴയെ ആശ്രയിച്ചാവും വരൾച്ചാ സാദ്ധ്യത വിലയിരുത്തുന്നത്. |
| (സി) | എങ്കിൽ, ഇപ്രകാരമുണ്ടാകാവുന്ന വരൾച്ചയെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | (സി) | വരൾച്ച നേരിടുന്ന സാഹചര്യമുണ്ടായാൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ തടയണകൾ വിസിബി/ആർ.സി.ബികൾ എന്നിവ നിർമ്മിക്കുക, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിയുന്നത്ര കുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പൂർത്തീകരിച്ച തടയണകൾ/ വിസിബികൾ/ആർ.സി.ബി ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിക്കുക, നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ ഓരുമുട്ടുകൾ ഇടുക, സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ്-ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കേരളത്തിൽ മഴയുടെ അളവ് വളരെയധികം കുറവായതിനാൽ സമീപഭാവിയിൽ ഉണ്ടാകാൻ |

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള വരൾച്ചയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും പരിഹാരമാർഗ്ഗങ്ങൾ തീരുമാനിക്കുവാനുമായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ സമർപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി സംഭരിച്ചു നിർത്താനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. അതുപോലെ ജലവിനിയോഗത്തിലും ഉപഭോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ലഭ്യമായ മഴവെള്ളം പരമാവധി ഭൂജലസംപോഷണത്തിന് ഉപയോഗപ്പെടുത്തി കിണറുകളിലെയും മറ്റും ജലവിതാനം ഉയർത്താൻ ബഹുജന പങ്കാളിത്തത്തോടെയുള്ള പരിശ്രമങ്ങളും നടത്തുന്നതാണ്.<br><br>വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സംരക്ഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും ജില്ലകളിൽ വകുപ്പ് അവലംബിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജലസംരക്ഷണവും സംപോഷണവും പദ്ധതിയിൻ കീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>ജലനിധി പദ്ധതിയിൽ കുടിവെള്ള സ്രോതസ്സിന് സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ